**ജി കെ എസ് എഫ് കൂപ്പൺ വിൽപ്പന 50 ലക്ഷം കവിഞ്ഞു. പങ്കാളിയാകാൻ യൂബറും.**

തിരുവനന്തപുരം:

ജി കെ എസ് എഫ് സീസൺ 9 കടകളുടെ രജിസ്ട്രേഷനിലും വിതരണത്തിലും റിക്കോർഡ് നേട്ടത്തിലേക്ക് കുതിക്കുന്നു. ആദ്യ ആഴ്ച്ചതന്നെ കൂപ്പൺ വിതരണം 50 ലക്ഷം കവിഞ്ഞു. കടകളുടെ രജിസ്ട്രേഷനും 20,000 കഴിഞ്ഞിട്ടുണ്ട്. ദിവസ ങ്ങൾക്കകം ഇത്രയും കൂപ്പണുകൾ വിറ്റഴിയുന്നത് ആദ്യമായിട്ടാണ്. കൂപ്പൺ വിൽപ്പ നയിൽ എറണാകുളവും മലപ്പുറവും ആണ് ഏറ്റവും മുന്നിൽ. കേരള വ്യാപാര വ്യവ സായ ഏകോപന സമിതിയും, വ്യാപാര സമിതിയും പ്രത്യേക സംഘാടനങ്ങൾക്കു രൂപം നൽകി ജില്ലകളിൽ കൂപ്പൺ വിതരണം ഫലപ്രദമാക്കാൻ മുന്നിലുണ്ട്. ഈ വർഷത്തെ ഫെസ്റ്റിവലിൽ നിരവധി ബ്രാൻഡുകൾ സഹകരിക്കുന്നുണ്ട്. മാരുതി, സാംസങ്, ബാറ്റ, സിട്രസ് തുടങ്ങിയവർ ഫെസ്റ്റിവലിൽ പങ്കാളികളാണ്. ഷോപ്പിംഗ് ഫെസ്റ്റിവൽ സമയത്ത് ടൂറിസ്റ്റുകൾക്ക് യാത്രാസൗകര്യം ഒരുക്കിക്കൊണ്ട് 'യൂബറും' പങ്കാളിയായി. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ പങ്കാളിയായതിൽ ഏറെ സന്തോഷമുണ്ടെന്ന് യൂബർ ജനറൽ മാനേജർ ഭാവിക് രാത്തോഡ് അറിയിച്ചു. 'യൂബ റിന്റെ' ആപ്പ് ഫെസ്റ്റിവൽ കാലയളവിൽ ഡൗൺലോഡ് ചെയ്ത് 'ജി കെ എസ് എഫ് 2015' എന്ന പ്രമോ കോഡ് നൽകുന്നവർക്ക് 300 രൂപയുടെ സൗജന്യ യാത്രയും മറ്റു പല ഓഫറുകളും യൂബർ നൽകുന്നതാണ്. യൂബർ ജനറൽ മാനേജരുമായി ജി കെ എസ് എഫ് ഡയറക്ടർ കെ എം അനിൽ മുഹമ്മദ്, സ്റ്റേറ്റ് കോർഡിനേറ്റർ വി വിജ യൻ എന്നിവർ നടത്തിയ ചർച്ചയിലാണ് ഇത് ധാരണയായത്.